(14) കുളമ്പുരോഗത്തിനെതിരെ കുത്തിവയ്പ് നടത്തിയശേഷം മരണമടഞ്ഞ കന്നുകാലികളുടെ ഉടമകൾക്ക് നഷ്ടപരിഹാരം നൽകാനും അനാപ്ളാസ്മാ രോഗം തടയാനും നടപടി സ്വീകരിക്കണമെന്ന ആവശ്യം

ശ്രീ. വി. കെ. ചന്ദ്രൻ : സർ, കേരളത്തിൽ കന്നുകാലികളുടെ കുളമ്പുരോഗം നിർമ്മാർജ്ജനം ചെയ്യുന്നതിനുവേണ്ടി നടത്തിയ പ്രതിരോധ കുത്തിവയ്പ്പിന്റെ ഭാഗമായി നൂറ് കണക്കിന് ഉരുക്കൾ ചത്തൊടുങ്ങി. ഒട്ടനവധി ഉരുക്കൾ ഇപ്പോഴും വിവിധ രോഗങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുകയാണ്. ഉരുക്കൾ ചത്തൊടുങ്ങാൻ തുടങ്ങിയത് പത്രങ്ങളിൽ കണ്ട് കൃഷിക്കാർ കുത്തിവയ്പ് തടഞ്ഞതുകൊണ്ടാണ് വലിയൊരു ദുരന്തം കേരളത്തിൽ ഒഴിവായത്. പല കുടുംബങ്ങളുടേയും ആശ്രയമായിരുന്ന കറവ മാടുകൾ ഉൾപ്പെടെയുള്ള ഉരുക്കൾ ചത്തൊടുങ്ങിയതുമൂലം കുടുംബങ്ങൾ നിരാലംബരായിട്ടുണ്ട്. പതിനായിരക്കണക്കിനു വിലവരുന്ന ഉരുക്കൾക്ക് മതിയായ നഷ്ടപരിഹാരം നൽകാതെ, പശുവിന് അയ്യായിരം രൂപയും ആട് തുടങ്ങിയ ഉരുക്കൾക്ക് രണ്ടായിരം രൂപയുമാണ് നൽകാൻ തീരുമാനിച്ചത്. അതു തന്നെ നൽകിയിട്ടില്ല. പാലക്കാട് ജില്ലയിൽ അനാപ്ളാസ്മാ എന്ന മാരകമായ രോഗം പിടിച്ച് കന്നുകാലികൾ ചത്തൊടുങ്ങാൻ തുടങ്ങിയിട്ടുണ്ട്. ഇത്തരമൊരു സ്ഥിതിവിശേഷം ഇനിയുണ്ടാകാതിരിക്കാൻ, പ്രതിരോധ കുത്തിവയ്പിന്റെ ഭാഗമായി ഉരുക്കൾ ചത്തൊടുങ്ങാനുണ്ടായ സാഹചര്യത്തെക്കുറിച്ച് അന്വേഷിക്കാനും അനാപ്ളാസ്മാ എന്നു പറയുന്ന മാരകമായ രോഗം തടയാനും, ചത്തൊടുങ്ങിയ ഉരുക്കളുടെ ഉടമകൾക്ക് ന്യായമായ നഷ്ടപരിഹാരം നൽകാനും അടിയന്തിര നടപടികൾ ഉണ്ടാകണമെന്ന് ഞാൻ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയോട് ആവശ്യപ്പെടുകയാണ്.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) : സർ, കുളമ്പ് രോഗ നിവാരണത്തിനുള്ള പ്രതിരോധ കുത്തിവയ്പുകൊണ്ട് പാലക്കാട് ജില്ലയിൽ ഒരു പശുവും ഒരു കിടാരിയും അലർജി മൂലം മരിച്ചിട്ടുണ്ട്. അയ്യായിരം രൂപ പശുവിനും രണ്ടായിരം രൂപ കിടാരിക്കും രണ്ടാഴ്ചയ്ക്കുള്ളിൽ നൽകുന്നതാണ്. പതിനായിരക്കണക്കിന് പശുക്കൾ ചത്തുവെന്നു പറയുന്നത്, ആ ജില്ലയിൽ പത്തിരുപത് കൊല്ലത്തിനിടയിൽ ചത്ത മുഴുവൻ പശുക്കളുടെയും കണക്ക് കുത്തിവയ്പിന്റെ പേരിൽ എഴുതി ചേർത്തതുകൊണ്ടാണ്, പശുക്കളുടെ മരണവാർത്ത പത്രത്തിൽ കണ്ടയുടനെ തന്നെ ഒരു വിദഗ്ദ്ധ കമ്മിറ്റിയെ നിയമിച്ച് റിപ്പോർട്ട് ആവശ്യപ്പെട്ടു. വിദഗ്ദ്ധ കമ്മിറ്റിയുടെ റിപ്പോർട്ട് വന്നിട്ടുണ്ട്. അതു ഗവൺമെന്റ് പരിശോധിച്ച് വിലയിരുത്തി ഗവൺമെന്റിന്റെ അഭിപ്രായത്തോടുകൂടി മേശപ്പുറത്തു വയ്ക്കുന്നതാണ്. അനാപ്ളാസ്മാ രോഗമുണ്ടായി എന്ന് അറിഞ്ഞ ഉടനെ പാലക്കാട് ജില്ല അധികാരികൾ സ്ഥലം സന്ദർശിച്ച് നടപടികളെടുത്തിട്ടുണ്ട്. പശുക്കളെ കെട്ടുന്ന തൊഴുത്ത് വളരെ വൃത്തികേടായി കിടക്കുന്നതുകൊണ്ട് ചെള്ളും ഉണ്ണിയും പശുക്കളെ കടിച്ചതിന്റെ ഫലമായുണ്ടായതാണ് ഈ രോഗം. പാലക്കാടുള്ള ഒരു ഫാമിലാണ് ഈ രോഗമുണ്ടായത്. ഉടനെ തന്നെ അതു പരിശോധിച്ച് ആവശ്യമായ നിവാരണ നടപടികളെടുത്തു. ഈ രോഗംമൂലം ഒരു പശു ചത്തു. പ്രതിരോധ നടപടികൾ അവിടെ നടന്നു വരുന്നു. രോഗം പകരാതെനിയന്ത്രിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly